2023
AUGUST
08
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



# ഭൂപതിവു നിയമത്തിൽ ഭേദഗതി വരുത്തും

### നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കും

**തിരുവനന്തപുരം:** 1960ലെ ഭൂപതിവു നിയമത്തിൽ ഭേദഗതി വരുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഭൂപതിവ് നിയമ (ഭേദഗതി) ബിൽ 2023ൻറെ കരടു മന്ത്രിസഭായോഗം അംഗീകരിച്ചു. നടപ്പു നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കും. കൃഷി ആവശ്യത്തിനും വീടു നിർമാണത്തിനും അനുവദിക്കപ്പെട്ട ഭൂമിയിൽ നടത്തിയ മറ്റു വിധത്തിലുള്ള വിനിയോഗം ക്രമപ്പെടുത്തുന്നതിനായി സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥയാണ് ബിൽ വഴി കൊണ്ടുവരുന്നത്.

ഇതു സംബന്ധിച്ചു ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകുന്ന വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023 ജനുവരി 10നു മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൻറെ തീരുമാനപ്രകാരമാണു ഭേദഗതി കൊണ്ടുവരുന്നത്. സ്വകാര്യ വ്യക്തികൾക്കും കുടുംബങ്ങൾക്കും പഞ്ചായത്തുകളിൽ പതിച്ചു നൽകിയ ഭൂമി കൃഷി, വീട്, വഴി എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്ന 1964ലെ ചട്ടം അനുസരിച്ച് ഏറെ ഭൂമിയും പതിച്ചു നൽകിയത് ഇടുക്കി ജില്ലയിലാണ്.

മുൻപു കൃഷിക്കു പതിച്ചു നൽകിയതും ഇപ്പോൾ കൃഷി നടത്താത്തതുമായ ഭൂമി മറ്റ് ആവശ്യങ്ങൾക്കു മാറ്റി ഉപയോഗിക്കാനാകും വിധമാണു നിയമഭേദഗതി. ഭേദഗതി വരുന്നതോടെ 1960 മുതലുള്ള നിയമവിരുദ്ധ നിർമാണങ്ങളും മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ഉപയോഗിച്ച ഭൂമിയും ക്രമപ്പെടുത്തി നൽകാനുള്ള വ്യവസ്ഥ നിയമത്തിന്റെ ഭാഗമാകും. ഭേദഗതി പ്രകാരമുള്ള ക്രമപ്പെടുത്തലിൽ പൊതുകെട്ടിടങ്ങൾ എന്ന പ്രത്യേക വിഭാഗം ഉൾപ്പെടുത്തും.

### ജമ്മു കശ്മീരിൽ ഏറ്റുമുട്ടൽ:

# ഹിസ്ബുൽ മുജാഹിദീൻ ഭീകരനെ വധിച്ചു

**ശ്രീനഗർ:** ജമ്മു കശ്മീരിൽ നുഴഞ്ഞുകയറാൻ ശ്രമിക്കുന്നതിനിടെ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഹിസ്ബുൽ മുജാഹിദീൻ ഭീകരൻ കൊല്ലപ്പെട്ടു. തിങ്കളാഴ്ച പുലർച്ചെ പൂഞ്ച് ജില്ലയിലാണ് ഏറ്റുമുട്ടലുണ്ടായത്. ഹിസ്ബുൽ മുജാഹദീൻ ഡിവിഷൻ കമാൻഡറായ മുനീർ ഹുസൈൻ ആണ് കൊല്ലപ്പെട്ടത്. സുരക്ഷാ സേനയ്ക്കെതിരെ നിരവധി ആക്രമണങ്ങൾ ആസൂത്രണം ചെയ്തത് മുനീർ ആണെന്ന് സൈനികവൃത്തങ്ങൾ പറഞ്ഞു.

ഇസ്‌ലാമാബാദിൽ നടന്ന ഹിസ്ബുൽ മുജാഹിദീന്റെ ഉന്നതതല യോഗത്തിൽ മുനീർ പങ്കെടുത്തിരുന്നു. രജൗറി, പൂഞ്ച് ജില്ലകളിൽ ഭീകരാക്രമണം നടത്തുന്നതുമായി ബന്ധപ്പെട്ടായിരുന്നു യോഗം. നമുതിർന്ന ഭീകരരെ ജമ്മു കശ്മീരിലേക്ക് അയയ്ക്കാനാണ് ഹിസ്ബുൽ മുജാഹിദീൻ ശ്രമിക്കുന്നത്. യുവാക്കളെ ഉൾപ്പെടെ സംഘടനയിലേക്കു ചേർക്കാനായിരുന്നു നീക്കം.

പൂഞ്ച് ജില്ലയിലുണ്ടായ നുഴഞ്ഞുകയറ്റശ്രമവും പരാജയപ്പെടുത്തിയെന്നും രണ്ട് ഭീകരരെ വധിച്ചുവെന്നും സൈന്യം അറിയിച്ചു.

### ഡൽഹി ഭരണ നിയന്ത്രണ ബിൽ

# പാസായത് 102നെതിരെ 131 വോട്ടുകൾക്ക്

**ന്യൂഡൽഹി:** ഡൽഹി ഭരണ നിയന്ത്രണ ബിൽ രാജ്യസഭയിലും പാസായി. 131 അംഗങ്ങളാണ് ബില്ലിന് അനുകൂലമായി വോട്ട് ചെയ്തത്. എതിർത്ത് വോട്ട് ചെയ്തത് 102 പേരും. ബില്ലിനെ എതിർത്ത പ്രതിപക്ഷ പാർട്ടികൾക്കും എഎപിക്കുമെതിരെ കടുത്ത വിമർശനമാണ് ആഭ്യന്തര മന്ത്രി അമിത് ഷാ ഉന്നയിച്ചത്. അമിത് ഷാ തന്നെയാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്.



ആന്ധ്രാ പ്രദേശ് മുഖ്യമന്ത്രി ജഗൻ മോഹൻ റെഡ്ഡിയുടെ വൈഎസ്ആർ കോൺഗ്രസും ഒഡീഷ മുഖ്യമന്ത്രി നവീന് പട്നായകിന്റെ ബിജെഡിയുടെയും പിന്തുണയോടെയാണ് ബിൽ രാജ്യസഭയിൽ പാസായത്. ഇരു പാർട്ടികൾക്കും ഒൻപത് വീതം അംഗങ്ങളാണ് രാജ്യസഭയിലുള്ളത്.

നിലവിൽ 238 അംഗങ്ങളുള്ള രാജ്യസഭയിൽ ബിൽ പാസാകാൻ വേണ്ടത് 120 പേരുടെ പിന്തുണയായിരുന്നു. സഭയുടെ പൂർണ അംഗബലം 245 ആണെങ്കിലും ഏഴു സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ബിജെപിയും സഖ്യകക്ഷികളും ചേരുന്ന എൻഡിഎയ്ക്ക് 103 അംഗങ്ങളാണുള്ളത്. വൈഎസ്ആർ കോൺഗ്രസിന്റെയും ബിജെഡിയുടെയും പിന്തുണയ്ക്കു പുറമേ നോമിനേറ്റ് ചെയ്യപ്പെട്ട അഞ്ച് അംഗങ്ങളുടെയും ഒരു സ്വതന്ത്ര എംപിയുടെയും പിന്തുണ ബിജെപിക്കു ലഭിച്ചു.

ഡൽഹി സർക്കാർ അഴിമതിക്കേസുകളുടെ ഫയൽ നശിപ്പിക്കാൻ ശ്രമിച്ചെന്നും അമിത് ഷാ ആരോപിച്ചു. മുഖ്യമന്ത്രിയുടെ വസതി നിർമാണം, മദ്യനയ അഴിമതി എന്നീ ഫയലുകൾ നശിപ്പിക്കാൻ നീക്കമുണ്ടായി. ഡൽഹി സർക്കാരിന്റെ അഴിമതി ഇല്ലാതാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്നും അമിത് ഷാ അറിയിച്ചു. എൻഡിഎ സർക്കാർ ഭേദഗതികൾ കൊണ്ടുവരുന്നത് അടിയന്തരാവസ്ഥ നടപ്പിലാക്കാൻ അല്ലെന്നും കോൺഗ്രസിന് ജനാധിപത്യത്തെ കുറിച്ച് സംസാരിക്കാൻ അവകാശമില്ലെന്നും അമിത് ഷാ പറഞ്ഞു. പ്രതിപക്ഷ ബഹളത്തിനിടെ കഴിഞ്ഞ ആഴ്ച ബിൽ ലോക്സഭയിൽ പാസായിരുന്നു.

ഡൽഹി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ നിയന്ത്രണാധികാരം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനാണെന്നും ദേശീയ തലസ്ഥാന പ്രദേശത്തെ (എൻസിടി) ക്രമസമാധാനം, പൊലീസ്, ഭൂമി എന്നിവ ഒഴികെയുള്ള സേവനങ്ങൾ സർക്കാരിന്റെ അധികാരപരിധിയിലാണെന്നും സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് വിധിച്ചിരുന്നു. ഡൽഹി സർക്കാരിനു കീഴിലുള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ നിയമനം, സ്ഥലംമാറ്റം എന്നിവയ്ക്കു പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ പ്രത്യേക ഓർഡിനൻസ് (ഗവൺമെന്റ് ഓഫ് നാഷനൽ ക്യാപിറ്റൽ ടെറിറ്ററി (അമെൻഡ്മെന്റ്) ഓർഡിനൻസ് 2023) മേയ് 19നാണ് സർക്കാർ അവതരിപ്പിച്ചത്.



# പുനലൂർ ബൈപാസ്: സർവേ പൂർത്തിയായി

**പുനലൂർ:** കൊല്ലം തിരുമംഗലം ദേശീയപാതയ്ക്ക് സമാന്തരമായി പുനലൂരിൽ നിർമിക്കുന്ന ബൈപാസിനായി ജൂൺ 27ന് ആരംഭിച്ച അന്തിമ സർവേ പൂർത്തിയായി. സർവേയുടെ അടിസ്ഥാനത്തിൽ സ്കെച്ചും ഡ്രോയിങ്ങും തയാറാക്കുന്ന ജോലികൾ പൂർത്തിയാകുന്നതോടെ അന്തിമ അലൈൻമെന്റ് തയാറാക്കും. ഇതോടെ നടപടികളുടെ പ്രഥമഘട്ടം പൂർത്തിയാവും.

പുനലൂർ ചെമ്മന്തൂരിൽ കോളജ് ജംക്ഷന് പടിഞ്ഞാറു ഭാഗത്ത് ആരംഭിച്ച സർവേ തെന്മല പഞ്ചായത്തിലെ ഇടമണിൽ മുന്നിടത്ത് എത്തിച്ചേരുന്ന രീതിയിലാണ് അവസാനിപ്പിച്ചത്. ആയിരനെല്ലൂർ പാലത്തിലും നിർദിഷ്ട ഗ്രീൻഫീൽഡ് ഹൈവേയിലും ദേശീയപാതയിൽ ഇടമൺ 34ലും അവസാനിക്കുന്ന രീതിയിലാണിത്.

അന്തിമ അലൈൻമെന്റിലെ പാതയുടെ അവസാനം കൃത്യമായി നിർണയിക്കാനാകൂ. പുനലൂരിൽ മലയോര ഹൈവേയുമായി ബൈപാസ് സംഗമിക്കുന്ന തൊളിക്കോട്ട് ഫ്ലൈ ഓവർ നിർമിക്കാൻ തന്നെയാണു തീരുമാനം. പുനലൂർ നഗരസഭാ പരിധിയിൽ തന്നെ കല്ലടയാറിനു കുറുകെ പാലവും നിർമിക്കും. ദേശീയപാത നിലവാരത്തിൽ 45 മീറ്റർ വീതിയിലും 12 കിലോമീറ്റർ ദൂരത്തിലുമാണ് സർവേ നടത്തിയത്.

മലപ്പുറത്തു നിന്നുള്ള ക്യുബിഎസ് എന്ന സ്ഥാപനമാണ് സർവേ നടത്തിയത്. പ്രാഥമിക അലൈൻമെന്റ് തയാറാക്കി മരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിന് കൈമാറും. ഇവരാണ് അന്തിമ അലൈൻമെന്റ് തയാറാക്കുന്നത്. പി.എസ്.സുപാൽ എംഎൽഎയുടെയും മറ്റു ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കും. തുടർന്ന് സാമൂഹിക ആഘാതപഠനം നടത്തും. ഇതിനു ശേഷമേ നിർമാണം ആരംഭിക്കൂ. ബൈപാസിന്റെ ദൈർഘ്യം എത്ര വേണ്ടിവരുമെന്ന് അലൈൻമെന്റിനു ശേഷമേ തിട്ടപ്പെടുത്താനാകൂ. വീടുകൾ പരമാവധി ഒഴിവാക്കിയാണ് സർവേ നടത്തിയിട്ടുള്ളത്.

# ട്രെയിനുകളുടെ വേഗം കൂട്ടാൻ ലിഡാർ സർവേ തുടങ്ങി

**കണ്ണൂർ:** ട്രെയിനുകളുടെ വേഗം മണിക്കൂറിൽ 160 കിലോമീറ്ററായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള സർവേ കണ്ണൂർ, കാസർകോട് ജില്ലകളിൽ തുടങ്ങി. ഇന്നു വൈകിട്ടോടെ പൂർത്തിയാകുമെന്നു പ്രതീക്ഷ. വളവുകൾ നിവർത്തുന്നതിനു വേണ്ടിയാണ് സർവേ നടത്തുന്നത്. ഹെലികോപ്റ്റർ ഉപയോഗിച്ച് ലൈറ്റ് ഡിറ്റക്ഷൻ ആൻഡ് റേഞ്ചിങ് (ലിഡാർ) സംവിധാനത്തിലൂടെയാണു സർവേ നടത്തുന്നത്.

ഹൈദരാബാദിലെ ആർവി അസോഷ്യേറ്റ്സിനാണ് സർവേ ചുമതല. ചിപ്സൺ ഏവിയേഷനാണ് ഹെലികോപ്റ്റർ ലഭ്യമാക്കിയത്. കണ്ണൂർ വിമാനത്താവളത്തിൽ നിന്നു പുറപ്പെട്ട ഹെലികോപ്റ്റർ ഇന്നലെ കാസർകോടിനും കണ്ണൂരിനും ഇടയിലായിരുന്നു സർവേ നടത്തിയത്. ഇന്ന് കോഴിക്കോട് ഭാഗത്തും സർവേ നടത്തിയ ശേഷം ഹെലികോപ്റ്റർ തിരികെപ്പോകും.

ഭൂമിയുടെ കിടപ്പു സംബന്ധിച്ച വിശദവും കൃത്യവുമായ വിവരം ലഭ്യമാവും എന്നതാണ് ലിഡാർ സർവേയുടെ പ്രത്യേകത. മരങ്ങൾ, നദികൾ, റോഡുകൾ, നീർത്തടങ്ങൾ, കെട്ടിടങ്ങൾ, വൈദ്യുതി ലൈനുകൾ, പൈതൃക മേഖലകൾ എന്നിവയെല്ലാം കൃത്യമായി നിർണയിക്കാനാകും. മരങ്ങൾ മൂടിനിന്നാലും താഴെയുള്ള പ്രദേശങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ കഴിയും.

ഇന്നലെ ഉച്ചയോടെയാണ് ചെറുവത്തൂർ, നീലേശ്വരം, കാഞ്ഞങ്ങാട് മേഖലകളിൽ ഹെലികോപ്റ്റർ താഴ്ന്നുപറക്കുന്നതു നാട്ടുകാരുടെ ശ്രദ്ധയിൽപെട്ടത്. തുടർച്ചയായി സാധാരണയിലും താഴ്ന്നു പറക്കുന്നതു കണ്ടതോടെ നാട്ടുകാർ ആശങ്കയിലായി. ചിലർ പൊലീസിൽ വിവരമറിയിച്ചു. എന്നാൽ, പൊലീസിനും കൃത്യമായ വിവരം കിട്ടിയില്ല.

പരമാവധി ചെലവു കുറച്ചും ഭൂമി ഏറ്റെടുക്കൽ ഒഴിവാക്കിയും ട്രാക്കിലെ വളവുകൾ നിവർത്താനുള്ള രൂപരേഖ ഇതിലൂടെ തയാറാക്കാൻ സാധിക്കുമെന്നു റെയിൽവേ അധികൃതർ പറഞ്ഞു. എറണാകുളം, തൃശൂർ, ആലപ്പുഴ ജില്ലകളിൽ കഴിഞ്ഞ ദിവസം സർവേ നടന്നിരുന്നു.

സംസ്ഥാനം മുഴുവൻ സർവേ പൂർത്തിയാക്കി റിപ്പോർട്ട് ഒക്ടോബറോടെ റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കും. വിശദമായ പദ്ധതി റിപ്പോർട്ടും ഈ വർഷം തന്നെ സമർപ്പിക്കും.

കൊടും വളവുകളുള്ള ഭാഗങ്ങളിൽ രണ്ടുവർഷം കൊണ്ട് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാമെന്നാണു പ്രതീക്ഷ. അഞ്ചു വർഷത്തിനകം നിർമാണം പൂർത്തിയാക്കാനാണ് റെയിൽവേ ലക്ഷ്യമിടുന്നത്. കോഴിക്കോടിനും മംഗളൂരുവിനും ഇടയിൽ കൊടുംവളവുകൾ കുറവാണ്. 110 കിലോമീറ്റർ വേഗത്തിൽ വരെ ഈ റൂട്ടിൽ നിലവിൽ ട്രെയിൻ ഓടുന്നുണ്ട്. 120 കിലോമീറ്റർ വേഗപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

# വൻ ക്ഷാമത്തിൽ സപ്ലൈകോ ഡിപ്പോ



**ഒറ്റപ്പാലം:** പട്ടാമ്പി, ഒറ്റപ്പാലം താലൂക്കുകളിലെ സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ ഓണക്കാലത്ത് അരിക്കു പോലും ക്ഷാമം നേരിടുമെന്ന് ആശങ്ക. ഒറ്റപ്പാലത്ത് ഇരു താലൂക്കുകൾക്കുമായി പ്രവർത്തിക്കുന്ന ഡിപ്പോ ആവശ്യപ്പെട്ട അരിയുടെ പകുതി പോലും ലഭ്യമാകാത്തതാണ് പ്രതിസന്ധി. ഓണാഘോഷം പരിഗണിച്ച് 1100 ടൺ അരിയാണു ഡിപ്പോ അധികൃതർ ആവശ്യപ്പെട്ടിരുന്നത്. എറണാകുളത്തെ സപ്ലൈക്കോ ആസ്ഥാനത്തു നിന്ന് ഇതുവരെ എത്തിയത് 400 ടൺ അരി മാത്രം.

മിക്ക സ്ഥാപനങ്ങളിലും ഇതു വിറ്റഴിക്കപ്പെട്ടു കഴിയുകയും ചെയ്തു. ഇരു താലൂക്കുകളിലെയും 36 സ്ഥാപനങ്ങളിലേക്കു ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് ഒറ്റപ്പാലത്തെ ഡിപ്പോ മുഖേനയാണ്. റേഷൻ കടകളിൽ അരിക്കു ക്ഷാമം നേരിട്ടു തുടങ്ങിയതോടെ സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ തിരക്കേറുകയായിരുന്നു. അരിക്കു പുറമേ, പരിപ്പ്, ഉഴുന്ന് എന്നിവയും ആവശ്യപ്പെട്ട അളവിന്റെ പകുതി പോലും ലഭിച്ചിട്ടില്ല.

പരിപ്പും ഉഴുന്നും 100 ടൺ വീതം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചത് യഥാക്രമം 20, 30 ടണ്ണുകൾ മാത്രം. വരും ദിവസങ്ങളിൽ കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ എത്തിയില്ലെങ്കിൽ ഓണ വിപണി ആശങ്കയിലാകും.

# അഴീക്കൽ തുറമുഖത്ത് 26 കോടിയുടെ പ്രവൃത്തികൾക്ക് തുടക്കം



**അഴീക്കോട്:** കാലാവസ്ഥാ വ്യതിയാനം പ്രതിസന്ധി സൃഷ്ടിക്കുന്ന പശ്ചാത്തലത്തിൽ മത്സ്യബന്ധന മേഖലയിലെ കുടുംബങ്ങളിൽ ഒരാൾക്കു മത്സ്യബന്ധനം അല്ലാത്ത തൊഴിൽ ഉറപ്പാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനായി തൊഴിൽ തീരം പദ്ധതിക്ക് തുടക്കം കുറിച്ചു. 3 വർഷം കഴിയുമ്പോൾ പരമാവധി വീടുകളിൽ മത്സ്യ ബന്ധം അല്ലാത്ത തൊഴിൽലെടുക്കുന്ന ഒരാളെങ്കിലും ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. അഴീക്കൽ മത്സ്യബന്ധന തുറമുഖത്ത് 26 കോടി രൂപയുടെ ആധുനികവൽക്കരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കടലോരത്തു നിന്നും മത്സ്യവുമായി വിവിധയിടങ്ങളിലേക്ക് വിൽപനയ്ക്കായി പോകുന്ന തൊഴിലാളികൾക്ക് തിരുവനന്തപുരം മാതൃകയിൽ സൗജന്യമായുള്ള പ്രത്യേക ബസ് സർവീസ് മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. മത്സ്യവിൽപനയ്ക്കു താൽപര്യമുള്ള പെൺകുട്ടികൾക്കു സൗജന്യമായി ഹൈടെക് സ്കൂട്ടറുകൾ നൽകുന്നതിനും പദ്ധതിയുണ്ട്. മത്സ്യബന്ധനം ആധുനിക യന്ത്രസംവിധാനങ്ങളിലേക്കു മാറ്റിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

കെ.വി.സുമേഷ് എംഎൽഎ അധ്യക്ഷത വഹിച്ചു. അഴീക്കോട് പഞ്ചായത്ത് പ്രസിഡന്റ് കെ.അജീഷ്, ഹാർബർ എൻജിനീയറിങ് വകുപ്പ് ചീഫ് എൻജിനീയർ ജോമോൻ കെ.ജോർജ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ടി.സരള, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി.ജിഷ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ.ഗിരീഷ് കുമാർ, പഞ്ചായത്ത് അംഗങ്ങളായ ടി.കെ.ഷബീന, സി.വി.വിജയശ്രീ, കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപറേഷൻ ചീഫ് എൻജിനീയർ ടി.വി.ബാലകൃഷ്ണൻ, ഫിഷറീസ് ഡിഡി സി.കെ.ഷൈനി, നബാർഡ് ജില്ലാ ഡവലപ്മെന്റ് മാനേജർ ജിഷിമോൻ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളായ കെ.എൻ.പുഷ്പലത, കെ.മോഹിനി, ബഷീർ അഹമ്മദ്, എൻ.പ്രസാദ്, എസ്.വിജയ്, ഹാർബർ എൻജിനീയറിങ് വകുപ്പ് സൂപ്രണ്ടിങ് എൻജിനീയർ മുഹമ്മദ് അൻസാരി എന്നിവർ പ്രസംഗിച്ചു. 186 മീറ്റർ വാർഫ്, ലേലപ്പുര, സാഫ് പ്രോസസിങ് യൂണിറ്റ്, ലോക്കർ മുറികൾ, ചുറ്റുമതിൽ, റോഡുകൾ, കന്റീൻ കെട്ടിടം, ശുചിമുറി ബ്ലോക്ക്, പാർക്കിങ് ഏരിയ, കുടിവെള്ള വിതരണ സംവിധാനം, മഴവെള്ള സംഭരണി എന്നിവയാണ് ഹാർബറിൽ നടപ്പാക്കുന്നത്.

ജില്ലയുടെ തീരദേശ മേഖലയിൽ രണ്ടു വർഷം കൊണ്ട് 106 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുമായി ഫിഷറീസ് വകുപ്പ്. തീരദേശ റോഡ് നവീകരണം, ഡ്രജിങ്, തുറമുഖ നവീകരണം എന്നിവയാണ് പ്രധാനമായും നടത്തുന്നത്. ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണത്തിന് മാത്രം രണ്ടു വർഷം കൊണ്ട് 27.70 കോടി ചെലവഴിച്ചു. 28,227 മീറ്റർ നീളത്തിൽ 46 റോഡുകളാണു നവീകരിച്ചത്. ഇതിൽ ഒൻപത് എണ്ണവും അഴീക്കോട് മണ്ഡലത്തിലാണ്. ഇതിൽ ചില പദ്ധതികൾ പൂർത്തിയായി.




## യുവതാരം ടോണി സിജിമോൻ നായകനാകുന്നു
# കാത്ത് കാത്തൊരു കല്ല്യാണം പൂർത്തിയായി

**പി.ആർ.സുമേരൻ**

മലയാളത്തിലെ സൂപ്പർഹിറ്റ് ചിത്രങ്ങളായ പളുങ്ക് ,ഭ്രമരം ,മായാവി, ചോട്ടാ മുംബൈ. എന്നീ ചിത്രങ്ങളിൽ ബാലതാരമായി സിനിമയിൽ അരങ്ങേറ്റം കുറിച്ച യുവനടൻ ടോണി സിജിമോൻ നായകനായ പുതിയ ചിത്രം കാത്ത് കാത്തൊരു കല്ല്യാണം പൂർത്തിയായി. ഏറെ പുരസ്ക്കാരങ്ങൾ വാരിക്കൂട്ടിയ വെള്ളരിക്കാപ്പട്ടണത്തിന് ശേഷം ടോണി നായകനാവുന്ന പുതിയ സിനിമയാണ് ജയിൻ ക്രിസ്റ്റഫർ രചനയും സംവിധാനവും നിർവ്വഹിച്ച കാത്ത് കാത്തൊരു കല്ല്യാണം.

സൂപ്പർഹിറ്റ് ചിത്രങ്ങളായിരുന്ന പളുങ്ക്, മാടമ്പി, ചോട്ടാമുംബൈ,മായാവി, ഹലോ, ഭ്രമരം തുടങ്ങിയ ചിത്രങ്ങളിൽ ബാലതാരമായാണ് ടോണി സിജിമോൻ സിനിമയിലേക്കെത്തുന്നത്. ഈ ചിത്രങ്ങളിലെല്ലാം തന്നെ ഏറെ ശ്രദ്ധേയമായ കഥാപാത്രങ്ങളായിരുന്നു. ചാനൽ ഷോകളിൽ ബാലതാരമായി തിളങ്ങിയ ഈ കൊച്ചുമിടുക്കനെ മമ്മൂട്ടി ചിത്രമായ പളുങ്കിലൂടെ സംവിധായകൻ ബ്ലെസിയാണ് ബിഗ്സ്ക്രീനിലേക്ക് കൊണ്ടുവരുന്നത്. പിന്നീട് ഹിറ്റ് ചിത്രങ്ങളിലൊക്കെ ബാലതാരമായി തിളങ്ങി. നല്ല ചിത്രങ്ങളുടെ ഭാഗമാകുക, നല്ല കഥാപാത്രങ്ങളാകുക, അതാണ് എന്റെ ആഗ്രഹം. സിനിമയെ ഏറെ ഇഷ്ടപ്പെടുന്ന ടോണി സിജിമോൻ പറയുന്നു. സിനിമയിലേക്ക് വഴി തുറന്നുതന്ന സംവിധായകൻ ബ്ലസ്സി സാറിനോട് എന്നും കടപ്പാടുണ്ടായിരിക്കുമെന്നും ടോണി സിജിമോൻ പറഞ്ഞു. എഞ്ചിനീയറിംഗ് ബിരുദം നേടിയ ടോണി ഇപ്പോൾ തിരുവനന്തപുരം ഇൻഫോസിസിൽ ജോലി ചെയ്യുകയാണ്. ചെറുകര ഫിലിംസിന്റെ ബാനറിൽ മനോജ് ചെറുകര നിർമ്മിക്കുന്ന കാത്ത് കാത്തൊരു കല്ല്യാണത്തിന്റെ ഛായാഗ്രഹണം സംവിധായകൻ ജയിൻ ക്രിസ്റ്റഫർ തന്നെയാണ് നിർവ്വഹിക്കുന്നത്. നന്ദനാണ്ചിത്രത്തിന് തിരക്കഥ സംഭാഷണം രചിച്ചിരിക്കുന്നത്.






# വാതിൽ ഓണത്തിന് തിയേറ്ററുകളിലെത്തും

സ്പാർക്ക് പിക്ച്ചേഴ്സിന്റെ ബാനറിൽ സുജി കെ. ഗോവിന്ദ് രാജ് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സുനിൽ സുഖദ, ഉണ്ണി രാജ്, അബിൻ ബിനോ, വി.കെ. ബൈജു, അഞ്ജലി നായർ, സ്മിനു തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.

വിനയ് ഫോർട്ട്, കൃഷ്ണ ശങ്കർ,അനു സിത്താര, മെറിൻ ഫിലിപ്പ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സർജു രമാകാന്ത് സംവിധാനം ചെയ്യുന്ന വാതിൽ ഓണക്കാലത്ത് കുടുംബസമേതം കാണാൻ ആഗസ്റ്റ് മുപ്പത്തിയൊന്നിന് സിനി ലൈൻ എന്റർടൈൻമെന്റ് പ്രദർശനത്തിനെത്തിക്കുന്നു.

സ്പാർക്ക് പിക്ച്ചേഴ്സിന്റെ ബാനറിൽ സുജി കെ. ഗോവിന്ദ് രാജ് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സുനിൽ സുഖദ, ഉണ്ണി രാജ്, അബിൻ ബിനോ, വി.കെ. ബൈജു, അഞ്ജലി നായർ, സ്മിനു തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. ഷംനാദ് ഷബീർ തിരക്കഥ സംഭാഷണമെഴുതുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം മനേഷ് മാധവൻ നിർവ്വഹിക്കുന്നു. വിനായക് ശശികുമാർ, സെജോ ജോൺ എന്നിവരുടെ വരികൾക്ക് സെജോ ജോൺ സംഗീതം പകരുന്നു.

എഡിറ്റർ ജോൺക്കുട്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ അനൂപ് കാരാട്ട് വെള്ളാട്ട്, റിയാസ് അടക്കണ്ടി, കോ പ്രൊഡ്യൂസർ രജീഷ് വാളാഞ്ചേരി, പ്രോജക്ട് ഡിസൈനർ റഷീദ് മസ്താൻ, പ്രൊഡക്ഷൻ കൺട്രോളർ ഷാജി കാവനാട്ട്, കല സാബു റാം, മേക്കപ്പ് അമൽ ചന്ദ്രൻ, വസ്ത്രാലങ്കാരം അരുൺ മനോഹർ, സ്റ്റിൽസ് ബിജിത്ത് ധർമ്മടം, പരസ്യക്കലയെല്ലോ ടൂത്ത്സ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സുധർമ്മൻ വള്ളിക്കുന്ന്. പിആർഒഎ.എസ്. ദിനേശ്.

## കല്യാൺ റാം സംയുക്ത പീരിയോഡിക്ക്
# ക്രൈം ത്രില്ലർ ഡെവിൾ നവംബർ 24ന്

ചിത്രത്തിൽ സംയുക്ത നായികയായി എത്തുന്നു. വിരുപക്ഷ എന്ന ബ്ലോക്ബസ്റ്റർ ഹിറ്റിന് ശേഷം തെലുങ്കിൽ റിലീസ് ചെയ്യുന്ന സംയുക്തയുടെ ചിത്രം കൂടിയാണ് ഡെവിൾ






സിനിമ ജീവിതത്തിന്റെ തുടക്കം മുതൽ തന്നെ സ്ക്രിപ്റ്റുകൾ തിരഞ്ഞെടുക്കുന്നതിൽ എപ്പോഴും മികച്ച് നിന്നിട്ടുള്ള താരമാണ് നന്ദമുരി കല്യാൺ റാം. ദി ബ്രിട്ടീഷ് സീക്രെട്ട് ഏജന്റ് എന്ന ടാഗ് ലൈനോടെയാണ് ചിത്രം എത്തുന്നത്. ചിത്രത്തിൽ സംയുക്ത നായികയായി എത്തുന്നു. വിരുപക്ഷ എന്ന ബ്ലോക്ബസ്റ്റർ ഹിറ്റിന് ശേഷം തെലുങ്കിൽ റിലീസ് ചെയ്യുന്ന സംയുക്തയുടെ ചിത്രം കൂടിയാണ് ഡെവിൾ.

കുറച്ച് നാളുകൾക്ക് മുൻപ് റിലീസായ ചിത്രത്തിന്റെ ഗ്ലിമ്പ്സ് വീഡിയോ നിമിഷനേരം കൊണ്ടാണ് വൈറലായി മാറിയത്. ഒരുപാട് പ്രതീക്ഷകളാണ് ആരാധകർക്ക് ഗ്ലിമ്പ്സ് വീഡിയോ സമ്മാനിച്ചത്. ചിത്രത്തിന്റെ അപ്ഡേറ്റുകൾക്കായി ആരാധകർ കാത്തിരിക്കുകയാണ്. ആരാധകരുടെ ആഗ്രഹം പോലെ ചിത്രത്തിന്റെ റിലീസ് തീയതി പ്രഖ്യാപിച്ചു. നവംബർ 24, 2023ൽ ചിത്രം തീയേറ്ററുകളിലെത്തും.

ആരെയും ഞെട്ടിക്കുന്ന പോസ്റ്ററിലൂടെയാണ് ചിത്രത്തിന്റെ റിലീസ് തീയതി അണിയറപ്രവർത്തകർ പുറത്തുവിട്ടത്. ഒരു നിഗൂഢമായ സത്യം പുറത്തുകൊണ്ട് വരുന്ന ബ്രിട്ടീഷ് സീക്രെട്ട് ഏജന്റായിട്ടാണ് കല്യാൺ റാം ചിത്രത്തിൽ എത്തുന്നത്. കഴിഞ്ഞ വർഷം ബിംബിസാര എന്ന ചിത്രത്തിലൂടെ തെലുഗ് ഇൻഡസ്ട്രിയുടെ തന്നെ വലിയ ഹിറ്റ് ചാർട്ടിൽ ഇടം പിടിച്ച കല്യാൺ അടുത്ത പ്രതീക്ഷയുണർത്തുന്ന ചിത്രവുമായി എത്തുമ്പോൾ ആരാധകരും ആവേശത്തിലാണ്.

ഹിന്ദിയിലും റിലീസാകുന്ന ചിത്രത്തിന്റെ ഹിന്ദി ഗ്ലിമ്പ്സ് വീഡിയോയും വൈറലായിരുന്നു. അഭിഷേക് പിക്ചേഴ്സിന്റെ ബാനറിൽ ദേവാനഷ് നാമ, അഭിഷേക് നാമ എന്നിവർ നിർമിക്കുന്നു. നവീൻ മേദരം സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും ശ്രീകാന്ത് വിസ്സ ഒരുക്കുന്നു. മ്യൂസിക്ക് ഹർഷവർധൻ രമേശ്വർ, ഛായാഗ്രഹണം സൗന്ദർ രാജൻ, പ്രൊഡക്ഷൻ ഡിസൈനർ ഗാന്ധി നടികുടികർ, എഡിറ്റർ തമ്മി രാജു, ശബരിയാണ് പിആർഒ.

# പോളശല്യം രൂക്ഷമായി; കുട്ടനാട്ടിൽ ഗതാഗതതടസം



**മങ്കൊമ്പ്:** ആറുകളിലും തോടുകളിലും പോള തിങ്ങിനിറഞ്ഞതോടെ കുട്ടനാട്ടിൽ ജലഗതാഗതം പ്രതിസന്ധിയിലായി. കാവാലത്തും എസി കനാലിൽ കിടങ്ങറ ഭാഗത്തുമാണ് പോളശല്യം ഏറ്റവുമധികം ഗതാഗതതടസമുണ്ടാക്കുന്നത്.

പോള തിങ്ങിനിറഞ്ഞൊഴുകാൻ തുടങ്ങിയതോടെ ജലവാഹനങ്ങളുടെ സഞ്ചാരം പ്രയാസകരമാകുകയായിരുന്നു. ജങ്കാർ, കടത്തു സർവീസുകളെയാണ് പോള ഏറ്റവുമധികം തടസപ്പെടുത്തുന്നത്. രാവിലെയും വൈകുന്നേരങ്ങളിലുമാണ് ഗതാഗതതടസം അതിരൂക്ഷമാകുന്നത്.

പോള തിങ്ങിനിറഞ്ഞതോടെ ഇന്നലെമുതൽ കാവാലംതട്ടാശേരി കടവിൽ ജങ്കാറിൻറെ സർവീസ് സമയം രാത്രി എട്ടുവരെയാക്കി ചുരുക്കി. പോളമൂലം കടത്തുവള്ളങ്ങളുടെ സർവീസും നേരത്തെതന്നെ നിർത്തുന്ന സാഹചര്യമാണുള്ളത്. എട്ടിനുശേഷമെത്തുന്ന യാത്രക്കാർ ഇതോടെ തികച്ചും ദുരിതത്തിലായി. പോളശല്യം മൂലം ജങ്കാർ കടവിൽ അടുക്കാൻ പ്രയാസമാണ്. ജങ്കാറിൽ യാത്രചെയ്യുന്ന കാൽനടയാത്രക്കാരാണ് ഇതുമൂലം ഏറെ വിഷമിക്കുന്നത്.

കരയിൽനിന്നും അകന്നുനിൽക്കുന്ന പ്ലാറ്റ്ഫോമിൽനിന്നു കരയ്ക്കിറങ്ങാൻ പ്രായമായവർക്കും കുട്ടികൾക്കും ഏറെ പ്രയാസമാണ്. ചെറുവാഹനങ്ങൾ കയറ്റിയിറക്കുന്നവരും ഏറെ ഭീതിയിലാണ്. പോള ശക്തമാകുന്ന സമയങ്ങളിൽ കാൽനടയാത്രക്കാർക്ക് ജങ്കാർ മാത്രമാണ് ആശ്രയം. ഇതുമൂലം യാത്രക്കാർക്ക് ഏറെ സമയനഷ്ടവും അനുഭവപ്പെടുന്നു. ഗതാഗതത്തിനു തടസമാകുന്ന പോള അനുദിനം പെരുകുന്നതും കാര്യങ്ങൾ കൂടുതൽ ഗൗരവകരമാക്കും.

പോളയെത്തിയതോടെ പ്രദേശത്തെ മത്സ്യത്തൊഴിലാളികളും പട്ടിണിയിലായി. പോളമൂലം ഉടക്കുവല, വീശുവല, കൈച്ചൂണ്ട എന്നിവയുപയോഗിച്ചുള്ള മത്സ്യബന്ധനം പോലും നിലച്ചിരിക്കുകയാണ്. കുട്ടനാടിൻറെ നാട്ടുതോടുകൾ നേരത്തെതന്നെ പോളനിറഞ്ഞു നിശ്ചമായിരുന്നു. നേരത്തെ പാടശേഖരങ്ങളിലും ഇടത്തോടുകളിലും കെട്ടിക്കിടന്നിരുന്ന പോളയാണ് ഇപ്പോൾ ആറുകളിൽ നിറഞ്ഞിരിക്കുന്നത്.

മഴയും കിഴക്കൻവെള്ളത്തിൻറെ വരവുമില്ലാത്ത നിലവിലെ സാഹചര്യം തുടർന്നാൽ പോളശല്യം ഇനിയും രൂക്ഷമാകാനാണ് സാധ്യത. കിഴക്കൻവെള്ളത്തിനൊപ്പം കായലിലേക്കു ഒഴുകിപ്പോയാലേ പോളശല്യം ഒഴിയുകയുള്ളു.

മുൻകാലങ്ങളിൽ ചെയ്തതുപോലെ വേലിയേറ്റ, വേലിയിറക്ക സമയങ്ങൾക്കനുസരിച്ചു ആറ്റിൽ വടംകെട്ടി പോള കായലിലേക്കൊഴുക്കിക്കളയണമെന്നാണ് നാട്ടുകാരുടെ ആവശ്യം. പഞ്ചായത്താണ് ഇതിനുള്ള ചെലവ് വഹിക്കേണ്ടിവരിക. വൻ തുക ലേലയിനത്തിൽ നൽകി കടത്ത്ജങ്കാർ സർവീസിനുള്ള കരാറെടുത്തിരിക്കുന്ന തങ്ങൾക്ക് ജോലി ചെയ്യാനുള്ള അവസരമൊരുക്കണമെന്നാണ് കടത്തിറക്കുകാരുടെ ആവശ്യം.

# സംസ്ഥാനത്തെ കൃഷിരീതിക്ക് മാറ്റം വരണം: മന്ത്രി പ്രസാദ്



**മതിലകം:** സംസ്ഥാനത്തു കാലങ്ങളായി തുടരുന്ന കാർഷിക രീതിക്കു മാറ്റം വരുത്തണമെന്നു കൃഷിമന്ത്രി പി. പ്രസാദ്.മതിലകം ഗ്രാമ പഞ്ചായത്തിലെ തുളസീവനം പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഓരോ വിളകൾക്കു മാത്രമായാണു പദ്ധതികൾ ആവിഷ്കരിക്കുന്നത്. കൃഷിയിടത്തെ അടിസ്ഥാനമാക്കിയ ആസൂത്രണം വേണം. മണ്ണറിഞ്ഞു കൃഷി ചെയ്യുന്നതോടൊപ്പം ആധുനിക കാലഘട്ടത്തെ അറിവുകളും പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

മതിലകം പതിനാറാം വാർഡിൽ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെയും പാപ്പിനിവട്ടം സർവീസ് സഹകരണ ബാങ്കിൻറെയും സംയുക്താഭിമുഖ്യത്തിൽ സമഗ്ര ഔഷധ സസ്യ കൃഷി വികസന പദ്ധതിയുടെ ഭാഗമായാണു തുളസീ വനം ഒരുക്കിയത്.

കുറുന്തോട്ടി, കച്ചോലം, ശതാവരി, രാജകൂവ തുടങ്ങിയവയ്ക്കു മികച്ച വിളവു ലഭിച്ചിരുന്നു. പതിനാറാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് 4,000 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്താണ് നാലേക്കറിൽ തുളസി കൃഷി ചെയ്തിരിക്കുന്നത്.

വിളവെടുക്കുന്ന തുളസികൾ സംസ്ഥാന സർക്കാർ സ്ഥാപനമായ ഔഷധിയിലേക്കാണ് വിൽപ്പന നടത്താൻ തിരുമാനിച്ചിട്ടുള്ളതെന്ന് വാർഡ് മെംബറും പദ്ധതിയുടെ മുഖ്യ ചുമതലക്കാരനായ ഇ.കെ. ബിജു പറഞ്ഞു.ബ്ലോക്ക് പഞ്ചായത്തംഗം ഹഫ്സ ഒഫൂർ, ജനപ്രതിനിധികളായ പി.എം. അരുൺലാൽ, സഗീർ, കൃഷി അസി. ഡയറക്ടർ അനില മാത്യു, മുൻ പഞ്ചായത്ത് പ്രസിഡൻറ് ഇ.ജി. സുരേന്ദ്രൻ, പഞ്ചായത്ത് സെക്രട്ടറി കെ.എസ്. രാമദാസ്, എൻ.എസ്. ഗോപി തുടങ്ങിയവർ പ്രസംഗിച്ചു.

# കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിക്കു കർമപദ്ധതി നടപ്പാക്കും: മന്ത്രി പി. രാജീവ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ചുള്ള കർമ പദ്ധതി നടപ്പാക്കുമെന്നു വ്യവസായ മന്ത്രി പി. രാജീവ്. കൈത്തറി മേഖലയെക്കുറിച്ചു സമഗ്രമായി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി ഉടൻ റിപ്പോർട്ട് സമർപ്പിക്കുമെന്നും ഇതിന്മേൽ ഈ മേഖലയുമായി ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ച നടത്തിയാകും കർമപദ്ധതിക്കു രൂപം നൽകുകയെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് സംഘടിപ്പിച്ച കൈത്തറി ദിനാഘോഷവും സഹകാരി  തൊഴിലാളി സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കൈത്തറി മേഖലയിൽ പുതിയ ട്രെൻഡുകളും ഡിസൈനുകളും വരേണ്ടത് ഈ മേഖലയുടെ വളർച്ചയ്ക്ക് ഒഴിച്ചുകൂടാനാകാത്തതാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി. വ്യത്യസ്തമായ കൈത്തറി ഉത്പന്നങ്ങൾക്കു വിപണിയിൽ ആവശ്യക്കാരേറെയുണ്ട്. കൈത്തറിയടക്കമുള്ള പരമ്പരാഗത മേഖലയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതു ലക്ഷ്യമിട്ടു കൊച്ചിയിൽ ഡിസൈൻ കോൺക്ലേവ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൈത്തറി, കയർ, ഹാൻഡ്വീവ് മേഖലകളെ ഉൾപ്പെടുത്തിയാകും കോൺക്ലേവ് സംഘടിപ്പിക്കുക. ഇതിൽനിന്നു കാലം ആവശ്യപ്പെടുന്ന ഡിസൈൻ ആശയങ്ങൾ കണ്ടെത്തുകയും ഓരോ മേഖലയിലും ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുകയും ചെയ്യും.

സ്കൂൾ യൂണിഫോം കൈത്തറിയാക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം ഈ മേഖലയ്ക്കു വലിയ ഉണർവുണ്ടാക്കി. ഈ തീരുമാനത്തിനു ശേഷം 293 കോടി രൂപ കൂലിയായി തൊഴിലാളികൾക്കു ലഭിച്ചുകഴിഞ്ഞു. തൊഴിലാളികൾക്കു ലഭിക്കാനുള്ള നാലു മാസത്തെ കുടിശികയിൽ ഒരു മാസത്തെ തുക അടുത്തയാഴ്ച വിതരണം ചെയ്യും. ശേഷിക്കുന്നതിൽ കഴിയുന്നത്ര തുക ഓണത്തിനു മുൻപു നൽകും. കൈത്തറി തൊഴിലാളികൾക്കു കണ്ണട സ്കീം സർക്കാർ പരിഗണിക്കും. ഈ മേഖലയിലേക്കു യുവാക്കളെ ആകർഷിക്കുന്നതിനുള്ള സ്കീം ഇതിനോടകം തുടങ്ങിക്കഴിഞ്ഞതായും മന്ത്രി ചൂണ്ടിക്കാട്ടി.

ഓണാഘോഷത്തിന്റെ ഭാഗമായുള്ള കൈത്തറി വസ്ത്രങ്ങളുടെ റിബേറ്റ് വിൽപ്പനയുടെ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവഹിച്ചു. നടി പ്രിയങ്ക ആദ്യ വിൽപ്പന ഏറ്റുവാങ്ങി. കാരക്കാമണ്ഡപം അൽസാജ് കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് സെക്രട്ടറി അനിൽകുമാർ, ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ കെ.എസ്. അജിത്കുമാർ, ഉദ്യോഗസ്ഥർ, തൊഴിലാളികളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# എന്റെ മണ്ണ് എന്റെ രാജ്യം പരിപാടി സംഘടിപ്പിക്കും

**തിരുവനന്തപുരം:**  സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം  ആസാദികാ അമൃത് മഹോത്സാവത്തി ന്റെ  ഭാഗമായി  നടക്കുന്ന  പരിപാടികളുടെ സമാപനം കുറിച്ച്  ക്വിറ്റ് ഇന്ത്യ ദിനമായ ആഗസ്റ്റ് 9 മുതൽ 30 വരെ 'മേരി മാട്ടി  മേരാ ദേശ്'  എന്റെ മണ്ണ് എന്റെ രാജ്യം' എന്ന പേരിൽ വിപുലമായ പരിപാടികൾ സംസ്ഥാനത്ത് സംഘടിപ്പിക്കുി.  കേന്ദ്രസംസ്ഥാന സർക്കാരുകൾ,  പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ,  സൈനിക അർദ്ധ സൈനിക വിഭാഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,   സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെയാണ്  പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിപാടികളുടെ ഭാഗമായി ആഗസ്റ് 9  മുതൽ 15  വരെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലൂം രാജ്യത്തിന് വേണ്ടി ജീവിതം സമർപ്പിച്ച സ്വാതന്ത്ര്യ സമര പോരാളികളുടെയും രാജ്യ സുരക്ഷക്കുവേണ്ടി ജീവത്യാഗം ചെയ്തവരുടെയും ഓർമക്കായി 75 തരം വൃക്ഷത്തൈകൾ നട്ടുകൊണ്ട് അമൃത വാടിക നിർമ്മിക്കും.  ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സ്വാതന്ത്ര്യ സമരസേനാനികൾ, രാജ്യ രക്ഷയ്ക്കായി ധീര രക്തസാക്ഷിത്വം വഹിച്ച സൈനികർ, അർദ്ധ സൈനികർ,  എന്നിവരുടെ സ്മാരകമായി അമൃത് വാടികയുടെ സമീപമോ പഞ്ചായത്ത് തീരുമാനിക്കുന്ന സ്ഥലത്തോ ശിലാഫലകം സ്ഥാപിക്കും.

ചടങ്ങിനോടനുബന്ധിച്ചു ദേശീയ പതാക ഉയർത്തുകയും പ്രധാനമന്ത്രി കഴിഞ്ഞ സ്വാതന്ത്ര്യ ദിനത്തിൽ പ്രഖ്യാപിച്ച അഞ്ചു പ്രതിജ്ഞ (പാഞ്ച് പ്രൺ) എടുക്കുകയും ദേശീയ ഗാനം ആലപിക്കുകയും ചെയ്യും.  നെഹ്റു യുവ കേന്ദ്ര, നാഷണൽ സർവീസ്  സ്കീം,  സംസ്ഥാന യുവജന ക്ഷേമ ബോർഡ്,  വോളണ്ടിയർമാരുടെയും, തൊഴിലുറപ്പു ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ മറ്റു സന്നദ്ധ സഘടന പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പരിപാടികൾ സഘടിപ്പിക്കുന്നത്. സ്വാതന്ത്ര്യ ദിനത്തിൽ എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും ദേശീയ പതാക ഉയർത്തും.  പരിപാടി നടത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകൾക്ക് മാർഗ നിർദേശം നൽകിയിട്ടുണ്ട്. ആഗസ്റ്റ് 16  മുതൽ 25 വരെ  എല്ലാ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന മണ്ണ് ബ്ലോക്ക് തലത്തിൽ സമാഹരിച്ച്   മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ  നിന്ന് ശേഖരിക്കുന്ന മണ്ണും ജില്ലാ കേന്ദ്രത്തിൽ  സമാഹരിച്ച്   നെഹ്റു യുവകേന്ദ്രയുടെ വാളണ്ടിയർമാർ ഓഗസ്റ്റ് 27 നു മുൻപ് ന്യൂഡൽഹിയിൽ എത്തിക്കും.

# കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻറിന് 12 കോടിയും,ഹോക്കി ടർഫിന് 6.3 കോടിയും അനുവദിച്ചു

**കൊച്ചി:** കൊച്ചിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന രണ്ട് പദ്ധതികൾക്ക് സ്മാർട്ട് സിറ്റി ബോർഡ് പണമനുവദിച്ചു. കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻറിൻറെ പുനരുദ്ധാരണത്തിന് 12 കോടി രൂപയും, മഹാരാജാസ് കോളേജിലെ ഹോക്കി ടർഫ് പുനരുദ്ധാരണത്തിന് 6.3 കോടി രൂപയുമാണ് തിങ്കളാഴ്ച ചേർന്ന ബോർഡ് യോഗം അനുവദിച്ചതെന്ന് കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ പറഞ്ഞു.ബസ് സ്റ്റാൻറ് നവീകരണ പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിൽ കാരിക്കാമുറിയിലെ സ്ഥലത്തെ നിലവിൽ വെള്ളക്കെട്ട് ഇല്ലാത്ത ഉയർന്ന പ്രദേശം വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിക്ക് കൈമാറും. ഈ സ്ഥലത്ത് 12 കോടി രൂപ മുടക്കി ബസ് ഷെൽട്ടർ, ടോയ് ലറ്റ് കോംപ്ലക്സ് തുടങ്ങിയവ നിർമ്മിക്കും. കെ.എസ്. ആർ.ടി.സി ബസ്സിന് പുറമെ സ്വകാര്യ ബസ്സുകൾക്കും ഇവിടെ പ്രവേശനമനുവദിക്കും. സൗത്ത് റെയിൽവേ സ്റ്റേഷൻ, മെട്രോ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയുന്ന സ്ഥലത്താണ് ഈ സ്റ്റാൻറ് വിഭാവനം ചെയ്തിട്ടുള്ളത്.മേയറുടെ അദ്ധ്യക്ഷതയിൽ എം.പി ഹൈബി ഈഡൻ, എറണാകുളം എം.എൽ.എ ടി.ജെ.വിനോദ്, ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് സ്മാർട്ട് സിറ്റി സി.ഇ.ഒ. ഷാജി വി. നായർ ഐ.എ.എസ്. എന്നിവർ പങ്കെടുത്ത യോഗത്തിൽ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഉൾപ്പെടെയുള്ളവരുമായി സ്റ്റാൻറ് നവീരണം ചർച്ച ചെയ്തു. യോഗത്തിൽ അംഗീകരിച്ച മാർഗ്ഗരേഖ പ്രകാരമാണ് 12 കോടി രൂപ പദ്ധതിക്കായി അനുവദിച്ചത്. പദ്ധതിയുടെ വിശദമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. ലഭിക്കുന്നത് വരെ പകുതി പണം വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിക്ക് കൈമാറും. ഈ സൊസൈറ്റിയായിരിക്കും നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുക. കൊച്ചി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായിരുന്ന എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻറ് നവീകരണത്തിന് നേരത്തെ തന്നെ തത്വത്തിൽ അനുമതി നൽകിയിരുന്നവെങ്കിലും പണം അനുവദിച്ച തീരുമാനമുണ്ടായത് ഇന്നത്തെ ബോർഡ് മീറ്റിംഗിലാണ്.എറണാകുളം മഹാരാജാസ് ഗ്രൗണ്ടിലെ ഹോക്കി ടർഫ് ഉപയോഗ ശൂന്യമാണെന്ന പരാതി കായികതാരങ്ങളുടെ ഭാഗത്ത് നിന്നും ദീർഘ കാലമായി ഉന്നയിക്കപ്പെടുന്നുണ്ടായിരുന്നു. സ്പോർട്ട്സ് വകുപ്പ് മന്ത്രിക്കും, മേയർക്കും, എം.പിക്കും, എം.എൽ.എ.ക്കും നിവേദനങ്ങളും ലഭിച്ചിരുന്നു. ഈ വിഷയവും ഇന്നത്തെ ബോർഡ് യോഗം പരിഗണിച്ച് 6.3 കോടി രൂപ അനുവദിക്കുവാൻ തീരുമാനിക്കുകയായിരുന്നു സംസ്ഥാന സ്പോർട്ട്സ് വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ ലിമിറ്റഡ് എന്ന കമ്പനിക്ക് തുക കൈമാറുവാനാണ് തീരുമാനം. ഇവർക്കായിരിക്കും ഹോക്കി ടർഫിൻറെ നിർമ്മാണ ചുമതല. ഡി.പി.ആർ. പ്രകാരമുള്ള 6.3 കോടി രൂപയുടെ പാതി തുക ആദ്യ ഘട്ടത്തിൽ തന്നെ കൈമാറും. കൊച്ചി നഗരത്തിലെ പ്രധാനപ്പെട്ട രണ്ട് ആവശ്യങ്ങൾക്കാണ് സ്മാർട്ട് സിറ്റി ബോർഡ് യോഗത്തിൽ അനുമതിയായത്. പുതിയതായി ചുമതലയേറ്റെടുത്ത ചീഫ് സെക്രട്ടറി ഡോ.വി. വേണു, ഐ.എ.എസ്. കൊച്ചിയിലെ പദ്ധതികൾ നടപ്പാക്കുക എന്ന പ്രത്യേക താത്പര്യത്തോടെയാണ് ബോർഡ് യോഗം വിളിച്ചു ചേർത്തത്. നഗരത്തിലെ ഏറെ കാലത്തെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതോടെ അടിസ്ഥാന സൗകര്യ മേഖലയിൽ കൂടുതൽ മുന്നേറാൻ കൊച്ചിക്ക് കഴിയും.

# യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് ; നിക്ഷേപം 25,822 കോടിയിലെത്തി

**കൊച്ചി:**യുടിഐ ഫ്ളെക്സി ക്യാപ് ഫ് കൈകാര്യം ചെയ്യുന്ന ആകെ നിക്ഷേപം 25,822 കോടി രൂപയിലെത്തി. 1992ൽ തുടക്കം കുറിച്ചതും ഈ വിഭാഗത്തിലെ പഴയ ഫുകളിലൊന്നായ യുടിഐ ഫ്ളെക്സി ക്യാപ് ഫ് വളർച്ചയെ അടിസ്ഥാനമാക്കിയുള്ള ഓഹരികൾ കത്തെി നിക്ഷേപിക്കുന്ന രീതിയാണു പിന്തുടരുന്നത്. ഓപ്പൺഎൻഡ് ഇക്വിറ്റി ഫായ ഫ്ളെക്സി ക്യാപ് ഫ് മൊത്തം ആസ്തിയുടെ 65 ശതമാനം ലാർജ് ക്യാപ, മിഡ് ക്യാപ് അല്ലെങ്കിൽ സ്മോൾ ക്യാപ് ഫുകളിലാണ് നിക്ഷേപിക്കുന്നത്.പദ്ധതിയുടെ നിക്ഷേപം ഏറ്റവും കൂടുതലുള്ളത് എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, എൽടിഐമിൻഡ്ട്രീ, ബജാജ് ഫിനാൻസ്, ഇൻഫോസിസ്, കോട്ടക് മഹീന്ദ്ര ബാങ്ക്, അവന്യൂ സൂപ്പർമാർട്ട്സ്, ഇൻഫോ എഡ്ജ്, ആസ്ട്രൽ, കോഫോർജ് തുടങ്ങിയവയിലാണ്. ഈ പത്തു കമ്പനികളിലായാണ് ആകെ നിക്ഷേപത്തിൻറെ 45 ശതമാനമെന്നും 2023 ജൂലൈ 31ലെ കണക്കുകൾ ചൂിക്കാട്ടുന്നു.

# വെർച്വൽ റിയാലിറ്റിയിലൂടെ റോഡ് സുരക്ഷ; കേരളാ പോലീസുമായി കൈകോർത്ത ഇല്ല്യൂസിയ ലാബ്



**കോഴിക്കോട്:** വെർച്ചൽ റിയാലിറ്റിയിലൂടെ റോഡ് സുരക്ഷാ മാർഗങ്ങൾ പ്രാവർത്തികമാക്കുന്നതിനായി കോഴിക്കോട് സർക്കാർ സൈബർപാർക്കിൽ പ്രവർത്തിക്കുന്ന ഇല്ല്യൂസിയ ലാബും കേരളാ പോലീസ് കാലിക്കറ്റ് സൈബർ വിങ്ങുമായി കൈകോർക്കുന്നു. ഇല്ല്യൂസിയ ലാബ് സി.ഇ.ഒ നൗഫൽ പിയും സൈബർഡോം ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയെത്തുടർന്ന് തിരുവനന്തപുരം പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഐ.ജി പ്രകാശ് ഐ.പി.എസിന്റെ സാനിധ്യത്തിൽ വിവിധ റോഡ് സുരക്ഷാ പദ്ധതികൾക്ക് പരിശീലനം നൽകുന്നതിനായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും വെർച്ചൽ റിയാലിറ്റിയും വഴിയുള്ള സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കാനും അതുവഴി റോഡ് സുരക്ഷയും ട്രാഫിക് നിയമങ്ങളും വെർച്ചലി അനുഭവേദ്യമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് ഇല്ല്യൂസിയ ലാബും സൈബർഡോമും ചേർന്ന് നടപ്പാക്കുക.വെർച്ചൽ റിയാലിറ്റിയുടെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതന് പുറമേ ആർട്ടിഫിഷ്യൽ ഇന്റലിജൻസും വിനോദവും സംയോജിപ്പിച്ചു കൊണ്ടുള്ള ട്രാഫിക് ബോധവൽക്കരണം കൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഇല്ല്യൂസിയ ലാബ് ഫൗണ്ടറും സി.ഇ.ഒയുമായ നൗഫൽ .പി പറഞ്ഞു. കാലിക്കറ്റ് സൈബർഡോമിന്റെ സഹായത്തോടെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും സ്കൂൾ വിദ്യാർത്ഥികളിലേക്കും ഇതിന്റെ പ്രയോജനം എത്തിക്കുന്ന രീതിയിലാണ് പ്രൊജക്റ്റിന് രൂപം നൽകിയിരിക്കുന്നത്. ഇന്ത്യയിലെ തന്നെ ആദ്യ മെറ്റാവേഴ്സ് ക്ലാസ്സ്റും നടപ്പിലാക്കിയ ഇല്ല്യൂസിയ ലാബിന്റെ വളർച്ചയിൽ മറ്റൊരു നാഴികക്കല്ലാണ് കേരളാ പോലീസുമായുള്ള ഈ സഹകരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ദേശീയ കൈത്തറി ദിനാചരണം: മുതിർന്ന നെയ്ത്തുകാരെ ആദരിച്ചു



**കൊച്ചി:** കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദേശീയ കൈത്തറി ദിനാചരണം പറവൂർ നഗരസഭ അധ്യക്ഷ ബീന ശശിധരൻ ഉദ്ഘാടനം ചെയ്തു. ചേന്ദമംഗലം കൈത്തറി മേഖല വളർച്ചയുടെ പാതയിലാണെന്നും ചേന്ദമംഗലം കൈത്തറി ലോകം മുഴുവനും അറിയപ്പെടുവാനുള്ള കാരണം ജീവനക്കാരുടെയും തൊഴിലാളികളുടെയും ആത്മാർത്ഥ പ്രവർത്തനമാണെന്നും നഗരസഭ അധ്യക്ഷ പറഞ്ഞു.പറവൂർ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലയിലെ കൈത്തറി സംഘങ്ങളിലെ മുതിർന്ന നെയ്ത്തുകാരെയും ഉന്നത വിജയം കരസ്ഥമാക്കിയ കൈത്തറി സംഘത്തിലെ ജീവനക്കാരുടെ മക്കളായ വിദ്യാർത്ഥികളെയും ആദരിച്ചു. ദേശീയ കൈത്തറി ദിനാഘോഷവുമായി ബന്ധപ്പെട്ട് കലാപരിപാടികളും സ്നേഹവിരുന്നും സംഘടിപ്പിച്ചു.ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ സിനിമാതാരം അനുമോൾ ആദരിച്ചു. ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ നജീബ് അധ്യക്ഷത വഹിച്ചു. ജില്ലാ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാർ പി. ആർ സിന്ധു, ജില്ലാ പഞ്ചായത്ത് അംഗം എ.എസ് അനിൽകുമാർ, പറവൂർ നഗരസഭ വാർഡ് കൗൺസിലർ ഇ.ജി ശശി, ജില്ലയിലെ കൈത്തറി സഹകരണ സംഘം പ്രസിഡന്റുമാരായ കെ.പി സദാനന്ദൻ, ടി.പി ബാലകൃഷ്ണൻ, പി.എസ് സജീവ്, എം.കെ വേണു, അജിത സുരേഷ്, ടി.എസ് ബേബി, ചേന്നമംഗലം കരിമ്പാടം കൈത്തറി നെയ്ത്ത് സംഘം സെക്രട്ടറി സി.വി അജിത് കുമാർ, കൈത്തറി നെയ്ത്ത് തൊഴിലാളികൾ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ വാക്കത്തോൺ സംഘടിപ്പിച്ചു




**കൊച്ചി:** വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ രാജ്യത്തുടനീളം ദേശീയ വാസ്കുലർ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി കൊച്ചിയുൾപ്പടെ ഇന്ത്യയിലെ 26 നഗരങ്ങളിൽ 'പുഞ്ചിരിയോടെ ജീവിക്കാൻ ഒരു മൈൽ നടക്കുക' എന്ന പ്രമേയവുമായി ബോധവൽക്കരണം നടത്തുന്നതിനായി വാക്കത്തോൺ സംഘടിപ്പിച്ചു. കൊച്ചിയിൽ നടന്ന വാക്കത്തോൺ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ ഹെലിപാഡ് ഗ്രൗണ്ടിൽ നിന്ന് മേയർ അഡ്വ എം അനിൽകുമാർ ഫ് ളാഗ് ഓഫ് ചെയ്തു. കേരളത്തിൽ കൊച്ചി കൂടാതെ തിരുവനന്തപുരത്തും കോഴിക്കോടും വാക്കത്തോൺ സംഘടിപ്പിച്ചു.പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫിറ്റ് ഇന്ത്യ എന്ന കാഴ്ചപ്പാടിനെ പിന്തുടർന്ന് ആരോഗ്യ സംരക്ഷണം, ബോധവൽക്കരണം, ലോവർ ലിമ്പ് ആംബ്യൂട്ടേഷന് കാരണമായേക്കാവുന്ന അവസ്ഥകൾ(പ്രമേഹം, പുകവലി, ഹൈപ്പർടെൻഷൻ, ഉയർന്ന കൊളസ്ട്രോൾ) തടയുന്നതിനുള്ള സമയോചിതമായ ഇടപെടലുകൾ എന്നിവയിൽ ദേശീയ ശ്രദ്ധ കേന്ദ്രീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ വാക്കത്തോൺ സംഘടിപ്പിച്ചത്.

# സന്ധി, ഹൃദയ ആരോഗ്യം: ചികിൽസാ ബോധവൽക്കരണത്തിൽ പങ്കാളിയായി എം എസ് ധോണി




**കൊച്ചി:** സന്ധി ആരോഗ്യം, ഹൃദയാരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട ചികിൽസാ ബോധവൽക്കരണത്തിനായി എം എസ് ധോണി ഇന്ത്യയിൽ നിന്നുള്ള ആഗോള മെഡിക്കൽ ഡിവൈസ് കമ്പനിയായ മെറിലുമായി സഹകരിക്കുന്നു. 2022 സെപ്റ്റംബർ മുതൽ ആരംഭിച്ച 'ട്രീറ്റ്മെൻറ്സരൂരിഹെ' എന്ന പേരിലുള്ള അവബോധ പരിപാടിയിലാണ് ധോണി പങ്കാളിയാകുന്നത്.സാമൂഹ്യ മാധ്യമങ്ങളിൽ 10 ദശലക്ഷം ഇമ്പ്രഷനുകൾ സൃഷ്ടിച്ച നവീനമായ കാമ്പെയിനാണ് ഇത്.. വീടുകളിലെ പ്രായമായവരോട് സഹാനുഭൂതിയോടെ ഇടപെടുന്ന എം എസ് ധോണിയെ ആണ് കാമ്പെയിനിൽ അവതരിപ്പിച്ചിരിക്കുന്നത്.ആരോഗ്യകരമായ ജീവിതത്തിനു രാജ്യം കൂടുതൽ പ്രാധാന്യം നൽകുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും ശാസ്ത്രീയമായ രീതികൾ വഴി രോഗങ്ങളെ പ്രതിരോധിക്കുന്നത് ഏറെ നിർണായകമാണെന്ന് മെറിൽ സീനിയർ വൈസ് പ്രസിഡൻറ് സഞ്ജീവ് ഭട്ട് പറഞ്ഞു.ദേശീയ ബോൺ ആൻറ് ജോയിൻറ് ദിനത്തോടനുബന്ധിച്ച് സന്ധിവേദനയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും മെറിൽ ശ്രമിക്കുന്നു.

# വെൽനെസ്സ് 360: ഇൻഫോപാർക്കിൽ വനിതകൾക്കായി വെൽനെസ് പ്രോഗ്രാം

**കൊച്ചി:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ഇന്ത്യൻ വുമൺ നെറ്റ്വർക്ക് (സി.ഐ.ഐ ഐ.ഡബ്ല്യൂ.എൻ) ഇൻഫോപാർക്കുമായി സഹകരിച്ച് ഇൻഫോപാർക്കിലെ വനിതാ ജീവനക്കാർക്കായി മാത്രം വെൽനസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. 'വെൽനെസ് 360 റീചാർജ് യുവർ പേർസണൽ, സോഷ്യൽ, പ്രൊഫഷണൽ ആൻഡ് ഫിനാൻഷ്യൽ ലൈഫ്' എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടി ഓഗസ്റ്റ് 9ന് രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ ഇൻഫോപാർക്ക് ഫെയ്സ് വണ്ണിലെ തപസ്യ ഓഡിറ്റോറിയത്തിൽ നടക്കും. നെറ്റ്വർക്കിംഗ് അവസരങ്ങൾക്കൊപ്പം പ്രമുഖ വ്യക്തികളുമായി സംവദിക്കാനുള്ള അവസരവങ്ങളും വിവിധ സെഷനുകളും പാനൽ ചർച്ചകളും പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടു്. പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ നേത്രപരിശോധനാ ക്യാമ്പും, കൂടാതെ എഫ്ത്ത സ്പീച്ച് ആൻഡ് ഹിയറിങ് സെന്ററിന്റെ സൗജന്യ ശ്രവണ പരിശോധനയ്ക്കുള്ള അവസരവും ലഭിക്കും.പരിപാടിയിൽ ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ, അവാൻസോ സൈബർ സെക്യൂരിറ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് സൈബർ ക്രൈം ഇൻവെസ്റിഗേറ്റർ ധന്യ മേനോൻ, ടീം വൺ അഡ്വെർടൈസിങ് കമ്പനി മാനേജിങ് ഡയറക്ടർ വിനോദിനി ഐസക്, ബൈഫ ഡ്രഗ് ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ്, സി.ഐ.ഐ കോട്ടയം സോണൽ കൗൺസിൽ മുൻ ചെർമാനും ബൈഫ ഡ്രഗ് ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡിറക്ടറുമായ അജയ് ജോർജ് വർഗീസ്, സി.ഐ.ഐ ഐ.ഡബ്ല്യൂ.എൻ ചെയർവുമണും, ഇറ്സറിൻ ഡിജിറ്റൽ സർവിസ്സ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകയും സി.ഇ.ഒയുമായ ബിൻസി ബേബി, സി.ഐ.ഐ ഐ.ഡബ്ല്യൂ.എൻ വൈസ് ചെയർവുമണും ഹെർ ഹണിടോക്സ് സ്ഥാപകയും സി.ഇ.ഒയുമായ നിസറി മഹേഷ് എന്നിവർ സംസാരിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും: ഫോൺ: +91 9895757245. വെബ്സൈറ്റ്:https://forms.gle/soFZNgmYdwrpHoti92013ൽ ആരംഭിച്ച, ഇന്ത്യൻ വിമൻ നെറ്റ്വർക്ക് (ഐ.ഡബ്ല്യൂ.എൻ) കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ) കരിയർ വനിതകൾക്കായി ഇന്ത്യയിൽ രൂപീകരിച്ചിട്ടുള്ള ഏറ്റവും വലിയ പ്രൊഫഷണൽ ശൃംഖലയാണ്.

# ടിവിഎസ് സപ്ലൈ ചെയിൻ സൊല്യൂഷൻസ് ഐപിഒ ആഗസ്റ്റ് 10 മുതൽ

**കൊച്ചി**: ടിവിഎസ് സപ്ലൈ ചെയിൻ സൊല്യൂഷൻസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) ആഗസ്റ്റ് 10 മുതൽ 14 വരെ നടക്കും. 600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 14,213,198 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.1 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 187 രൂപ മുതൽ 197 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 76 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ജെ. പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബിഎൻപി പാരിബാസ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സ്റ്റാർ ഹെൽത്തും സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കും കൈകോർക്കുന്നു

**കൊച്ചി:** സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക് 42 പട്ടണങ്ങളിലായുള്ള നൂറു ശാഖകളിലൂടെ ആരോഗ്യ ഇൻഷൂറൻസ് സേവനങ്ങൾ ലഭ്യമാക്കും വിധം സ്റ്റാർ ഹെൽത്തുമായി സഹകരിക്കും. ഇരു സ്ഥാപനങ്ങളും തമ്മിലുള്ള തന്ത്രപരമായ ബാങ്കഷ്വറൻസ് സഹകരണം വഴി സ്റ്റാർ ഹെൽത്തിന്റെ സമഗ്രമായ പദ്ധതികൾ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക് ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായി ബാങ്ക് ശാഖകളിലൂടെ ലഭിക്കുമെന്ന് സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു. സ്റ്റാർ ഹെൽത്തിന്റെ വിതരണ ശൃംഖല കൂടുതൽ ശക്തമാക്കുന്നതാണ് ഈ നീക്കം. നിലവിൽ 6.4 ലക്ഷം ഏജന്റുമാരും 38 ബാങ്കഷ്വറൻസ് പങ്കാളികളുമാണ് സ്റ്റാർ ഹെൽത്തിനുള്ളത്. മികച്ച സാമ്പത്തിക നിക്ഷേപങ്ങൾ ഉള്ളവർ അടക്കം കൂടുതൽ വിപുലമായ മേഖലകളിലേക്കു തങ്ങളുടെ പദ്ധതികൾ എത്തിക്കാൻ ഈ സഹകരണം വഴിയൊരുക്കുമെന്നും ആനന്ദ് റോയ് പറഞ്ഞു.സമ്പത്തു കൈകാര്യം ചെയ്യുന്ന ഉപഭോക്താക്കളെ സംബന്ധിച്ച് ആരോഗ്യ-പരിരക്ഷാ പദ്ധതികൾ മുഖ്യ ആവശ്യങ്ങളാണെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക് വെൽത്ത് മാനേജ്മെന്റ് ഇന്ത്യ മേധാവിയും മാനേജിങ് ഡയറക്ടറുമായ സൗരഭ് ജെയിൻ പറഞ്ഞു.


## ലോക മുലയൂട്ടൽ വാരാചരണം:

# അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ഒത്തുചേരലുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** ലോക മുലയൂട്ടൽ വാരാചരണത്തോടനുബന്ധിച്ച് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ഒത്തുചേരൽ സംഘടിപ്പിച്ചു. കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ സിനിമ താരം മിയ ജോർജ് മുഖ്യാതിഥിയായി.സുങ്ങൾക്ക് മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് എല്ലാ വർഷവും ഓഗസ്റ്റ് ഒന്ന് മുതൽ ഏഴ് വരെ ആഗോള തലത്തിൽ വാരാചരണം സംഘടിപ്പിക്കുന്നത്. ഇരുപതിലധികം അമ്മമാരും കുഞ്ഞുങ്ങളുമായിരുന്നു ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന പരിപാടിയിൽ പങ്കെടുത്തത്. മുലയൂട്ടലിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. അമ്മമാർക്ക് മുലയൂട്ടലുമായി ബന്ധപ്പെട്ട ആശങ്കകൾക്കും സംശയങ്ങൾക്കും പരിഹാരം കൂടിയായിരുന്നു വാരാചരണം.ആസ്റ്റർ മെഡ്സിറ്റിയിലെ നിയോനാറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജോസ് പോൾ, കൺസൾട്ടന്റുമാരായ ഡോ. ജോർജ് ജോസ്, ഡോ. എസ്. രാജശ്രീ തുടങ്ങിയവർ നേതൃത്വം നൽകി.

# ഐഐഎം സമ്പൽപൂരിൽ ഇൻക്യുബേഷൻ കേന്ദ്രം ആരംഭിക്കും



**കൊച്ചി:** ഐഐഎം സമ്പൽപൂരിൽ ഗ്രാമീണ യുവാക്കൾക്കായി ഇൻക്യൂബേഷൻ കേന്ദ്രം ആരംഭിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ വെളിപ്പെടുത്തി. നെയ്ത്തുകാരുടെ കഴിവുകൾ വികസിപ്പിക്കാൻ ഐഐഎം സമ്പൽപൂർ ശ്രമിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഐഐഎം സമ്പൽപൂർ സംഘടിപ്പിച്ച പ്ലാന്റേഷൻ ഡ്രൈവിലും കാമ്പസ് ടൂറിലും മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. സുസ്ഥിര വികസന നടപടികൾക്കും പരിസ്ഥിതി സംരക്ഷണത്തിനും ഐഐഎം സമ്പൽപൂർ വഹിക്കുന്ന പങ്കിനേയും മന്ത്രി പ്രശംസിച്ചു.

# 'ജൽ യാത്ര' പദ്ധതിയുമായി കൈകോർത്ത് ബിഗ് എഫ്എം



**തിരുവനന്തപുരം:** ജലസ്രോതസ്സുകളുടെ പ്രാധാന്യം പ്രകീർത്തിച്ചുകൊണ്ട്, രാജ്യത്തെ പ്രമുഖ റേഡിയോ ശൃംഖലകളിലൊന്നായ ബിഗ് എഫ്എം, ഭാരത സർക്കാരിന്റെ സാംസ്കാരിക മന്ത്രാലയവുമായി ചേർന്ന് 'ജൽ യാത്ര' എന്ന കാമ്പയിനുമായി കൈകോർത്തു. 'ആസാദി കാ അമൃത് മഹോത്സവ്' ആഘോഷങ്ങളുടെ അവിഭാജ്യ ഘടകമെന്ന നിലയിൽ, നദികളുടെ അറിയപ്പെടാത്ത കഥകളെക്കുറിച്ച് ശ്രോതാക്കളെ ബോധവൽക്കരിക്കാനും ജലസ്രോതസ്സുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്താനും ഈ സംരംഭം ലക്ഷ്യമിടുന്നു.സ്വാതന്ത്ര്യത്തിന്റെ 75ാം വർഷവും ഇന്ത്യയിലെ ജനങ്ങളുടെയും സംസ്കാരത്തിന്റെയും നേട്ടങ്ങളുടെയും മഹത്തായ ചരിത്രവും ആഘോഷിക്കാനും സ്മരിക്കാനുമായുള്ള ഭാരത സർക്കാരിന്റെ ഒരു സംരംഭമാണ് ആസാദി കാ അമൃത് മഹോത്സവ്. ശ്രോതാക്കൾക്ക് നമ്മുടെ നദികളുടെ സത്തയുമായി ബന്ധപ്പെടാനും അവയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരു ഉൾക്കാഴ്ച നേടാനും അതുല്യമായ അവസരം നൽകുന്നതാണ് ജൽ യാത്ര സംരംഭം. 12 ആഴ്ച നീളുന്ന കാമ്പയിൻ മെയ് മാസത്തിലാണ് ആരംഭിച്ചത്. ജനങ്ങളുടെ ഇടയിൽ അവബോധം വളർത്തുന്നതിനുള്ള കൂട്ടായ ശ്രമത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഗായകൻ അതുൽ നറുകരയുടെ മെഗാ സംഗീത പരിപാടി അരങ്ങേറി. ഏറെ പ്രത്യേകതകളുള്ള ജൽ യാത്ര കാമ്പെയ്നിനായി സാംസ്കാരിക മന്ത്രാലയവുമായി പങ്കാളികളാകുന്നതിൽ സന്തോഷമുണ്ടെന്ന് ബിഗ് എഫ്എം സിഒ സുനിൽ കുമാരൻ പറഞ്ഞു. ജലത്തിന്റെ അതീവപ്രാധാന്യത്തെക്കുറിച്ച് ശ്രോതാക്കളുമായി സംവദിക്കാനും ബോധവത്കരിക്കാനുമുള്ള അപൂർവ്വ അവസരമാണിത്. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളുമായി ചേർന്നുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ നദികളെ കുറിച്ച് അഭിമാനവും ഉത്തരവാദിത്തവും വളർത്തിയെടുക്കുന്ന അർത്ഥവത്തായ ഒരു സംരംഭമാണിത്. നദികൾക്ക് ഇന്ത്യയിൽ പരിപാവനമായ സ്ഥാനമാണുള്ളത്. ഈ അമൂല്യമായ ജീവരേഖകൾ വരും തലമുറകളിലേക്ക് സംരക്ഷിക്കുന്നതിനായി പരിവർത്തനാത്മകമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ബിഗ് എഫ് എം ദൃഢനിശ്ചയം ചെയ്തിരിക്കുന്നു . ഈ കാമ്പെയ്നിലൂടെ, ഇത്തരം ലക്ഷ്യങ്ങളുള്ള കൂടുതൽ സംരംഭങ്ങളുടെ മുൻനിരയിൽ തുടരാനാവുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇലക്ട്രിക് വാഹന ഡീലർമാർക്ക് പിന്തുണ: സൗത്ത് ഇന്ത്യൻ ബാങ്കും ടാറ്റ മോട്ടോഴ്സും കൈകോർക്കുന്നു

**കൊച്ചി:** പാസഞ്ചർ ഇലക്ട്രിക് വാഹന ഡീലർമാർക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്കും മുൻനിര വാഹന നിർമാതാക്കളായ ടാറ്റാ മോട്ടോഴ്സും കൈകോർക്കുന്നു. ഉത്സവ സീസണിൽ ഇ വി ഡീലർമാർക്കും എല്ലാ ഉപഭോക്താക്കൾക്കും സമഗ്ര സാമ്പത്തിക പിന്തുണ ലഭ്യമാക്കുന്ന എക്സ്ക്ലൂസീവ് ഇലക്ട്രിക് വെഹിക്കിൾ ഡീലർ ഫിനാൻസിങ് പ്രോഗ്രാം സംബന്ധിച്ച ധാരണാപത്രത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ട്രാൻസാക്ഷൻ ബാങ്കിങ് ഗ്രൂപ്പ് മേധാവി പ്രവീൺ ജോയ്, ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്ക്ൾസ് ലിമിറ്റഡ് നെറ്റ് വർക്ക് മാനേജ്മെന്റ് & ഇ.വി സെയിൽസ് വിഭാഗം സീനിയർ ജനറൽ മാനേജർ രമേശ് ദുരൈരാജൻ എന്നിവർ ഒപ്പുവച്ചു. പാസഞ്ചർ ഇലക്ട്രിക് വാഹന ഡീലർമാർക്കു മാത്രമായി സവിശേഷ സാമ്പത്തിക പിന്തുണ പദ്ധതി അവതരിപ്പിക്കുന്നതിന് ടാറ്റാ മോട്ടോഴ്സുമായി കൈകോർക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ മുരളി രാമകൃഷ്ണൻ പറഞ്ഞു. ബാങ്കിന്റെ ആസ്തി അടിത്തറ വിപുലപ്പെടുത്താനും പുതിയ വിഭാഗം ഉപഭോക്താക്കളിലേക്ക് സേവനങ്ങളെത്തിക്കാനും ഈ പങ്കാളിത്തം പ്രയോജനപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യക്കാരുടെ ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റത്തിന് ചുക്കാൻ പിടിക്കുക എന്നത് ടാറ്റ മോട്ടോഴ്സിന്റെ വിപണന തന്ത്രത്തിന്റെ അവിഭാജ്യ ഘടകമാണ്. ഈ ലക്ഷ്യവുമായി യോജിക്കുന്ന പങ്കാളികളെ ലഭിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ടാറ്റ മോട്ടോഴ്സ്



പാസഞ്ചർ വെഹിക്ക്ൾസ് ലിമിറ്റഡ് നെറ്റ് വർക്ക് മാനേജ്മെന്റ് & ഇ.വി സെയിൽസ് വിഭാഗം സീനിയർ ജനറൽ മാനേജർ രമേശ് ദുരൈരാജൻ പറഞ്ഞു.ടാറ്റയുടെ അംഗീകൃത ഇലക്ട്രിക് വാഹന ഡീലർമാർക്ക് സൗത്ത് ഇന്ത്യൻ ബാങ്ക് നൽകുന്ന സവിശേഷ സാമ്പത്തിക പിന്തുണ ഈ ദിശയിലുള്ള ഒന്നാണ്. ഇന്ത്യയിൽ ഇവി ഉപയോഗം വിപുലീകരിക്കാൻ സഹായിക്കുന്നതിൽ തങ്ങളുടെ ഡീലർമാർക്ക് നിർണായക പങ്കാണുള്ളതെന്നും രമേശ് ദുരൈരാജൻ പറഞ്ഞു.

# ഹാൻവീവിൽ 20% ഗവൺമെന്റ് റിബേറ്റ് വിൽപ്പന; ഓണം വിൽപ്പനയ്ക്ക് തുടക്കമായി



**കൊച്ചി:** എറണാകുളം ഇയ്യാറ്റിൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഹാൻവീവ് ഷോറൂമിൽ ഓണം കൈത്തറി വിൽപ്പന മേളയുടെ ഉദ്ഘാടനം മേയർ എം.അനിൽകുമാർ നിർവഹിച്ചു. ഗുരുവായൂർ ദേവസ്വം ബോർഡ് അംഗവും ഹാൻവീവ് മുൻ ഡയറക്ടറുമായ വി.ജി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ആദ്യ വില്പന കൗൺസിലർ പത്മജ എസ്. മേനോൻ ജനറൽ ആശുപത്രി സൂപ്ര് ഡോ. ആർ.ഷാഹിർ ഷാ യ്ക്ക് നൽകി നിർവഹിച്ചു. ഹാൻവീവ് ഓണ സമ്മാന കൂപ്പൺ ഉദ്ഘാടനം റീജിയണൽ മാനേജർ എം.പി രഞ്ജിത്ത് നിർവഹിച്ചു. ഷോറൂം ഇൻ ചാർജ് എ.കെ അഗസ്റ്റിൻ, കെ.സി.ജിഷ എന്നിവർ സംസാരിച്ചു.എല്ലാ കൈത്തറി വസ്ത്രങ്ങൾക്കും ഓഗസ്റ്റ് 28 വരെ 20% ഗവൺമെന്റ് റിബേറ്റ് നൽകും. കൂടാതെ തിരഞ്ഞെടുത്ത ഇനങ്ങൾക്ക് 20 മുതൽ 70% വരെ വിലക്കിഴിവും ലഭിക്കും. സർക്കാർ, അർദ്ധസർക്കാർ, ബാങ്ക്, സ്കൂളുകൾ എന്നിവയിലെ ജീവനക്കാർക്ക് 20,000 രൂപയുടെ തുണിത്തരങ്ങൾ പലിശയില്ലാതെ തവണ വ്യവസ്ഥയിൽ നൽകും. 1000 രൂപയുടെ നെറ്റ് തുകക്ക് ഒരു ഓണ സമ്മാനക്കൂപ്പൺ നൽകും. ഒന്നാം സമ്മാനം ടിവിഎസ് ഇലക്ട്രിക് സ്കൂട്ടർ,രാം സമ്മാനം വേൾപൂൾ ഓട്ടോമാറ്റിക് ര് വാഷിംഗ് മെഷീൻ, മൂന്നാം സമ്മാനം 32 ഇഞ്ച് സാംസങ് സ്മാർട്ട് നാല് ടിവി,നാലാം സമ്മാനം 30 പേർക്ക് ഹാൻവീവ് കുർത്ത എന്നിങ്ങനെയാണ് സമ്മാനങ്ങൾ.

# 24.8% വിൽപ്പന വളർച്ച രേഖപ്പെടുത്തി കെഎസ്ബി ലിമിറ്റഡ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പമ്പുകളും വാൽവ് നിർമ്മാതകളുമായ കെഎസ്ബി ലിമിറ്റഡ് 2023ലെ അർദ്ധ വാർഷിക വിൽപന മൂല്യം 10,809 മിയോ കചഞ രേഖപ്പെടുത്തി. 2022ലെ അർദ്ധ വാർഷിക വില്പന മൂല്യവുമായി താരതമ്യം ചെയുമ്പോൾ ഇത് 24.8% വർധനയാണെന്ന് കെഎസ്ബി ലിമിറ്റഡ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ഫറോഖ് ഭത്തേന പറഞ്ഞു, 2023ന്റെ രാം പാദത്തിൽ കെഎസ്ബി ശ്രദ്ധേയമായ പ്രകടനവും സുപ്രധാനമായ പുരോഗതിയും കൈവരിച്ചു. 2023 ഝ2വിൽ 6165 ങശീ, കചഞന്റെ ഓർഡർ ഇൻടേക്ക് ഉള്ളതിനാൽ ബാക്കിയുള്ള ഈ വർഷത്തിലും ശക്തമായ പ്രകടനം നിലനിർത്താനാണ് ലക്ഷ്യമിടുന്നത്. കയറ്റുമതി ബിസിനസിൽ സ്ഥിരതയാർന്ന ഉയർച്ച പ്രവണത കാണപ്പെടുന്നതിനാൽ, ഡിമാൻഡ് സാഹചര്യത്തെക്കുറിച്ച് തങ്ങൾ ശുഭാപ്തിവിശ്വാസം പുലർത്തുന്നു, ഇത് ആഗോള വിപണിയിൽ തങ്ങളുടെ സ്ഥാനം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ, തങ്ങളുടെ സോളാർ ഡിവിഷൻ ഗണ്യമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു, സുസ്ഥിരമായ പരിഹാരങ്ങൾ കൈവരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഭാവിയിലേക്ക് നമ്മെ നയിക്കുന്നു. തങ്ങളുടെ എല്ലാ പ്ലാന്റുകളിലും വെയർഹൗസ് മാനേജ്മെന്റ് തങ്ങൾ വിജയകരമായി നടപ്പിലാക്കിയിട്ടുന്നെും അദ്ദേഹം പറഞ്ഞു.

# ബ്രെയ്നോബ്രെയ്ൻ അബാക്കസ് കൊച്ചിയിൽ സമാപിച്ചു

**കൊച്ചി:** 143ാമത് സംസ്ഥാനതല ബ്രെയ്നോബ്രെയ്ൻ അബാക്കസ് മത്സരോത്സവം കൊച്ചി തേവരയിലെ സേക്രഡ് ഹാർട്ട് കോളേജിൽ സമാപിച്ചു. സംസ്ഥാനത്തുടനീളമുള്ള 50 ഓളം ബ്രെയ്നോബ്രെയ്ൻ സെന്ററുകളിൽ അബാക്കസ് കോഴ്സ് പഠിക്കുന്ന 900 ഓളം ബ്രെയ്നോബ്രെയ്ൻ വിദ്യാർത്ഥികൾ ഇതിൽ പങ്കാളികളായി.ബ്രെയ്നോബ്രെയ്നിന്റെ അബാക്കസ് ക്ലാസിലെ യുവമനസ്സുകളുടെ മിഴിവും സർഗ്ഗാത്മകതയും ആഘോഷിക്കുന്ന അസാധാരണമായ ഒരു ഇവന്റാണ് ബ്രെയ്നോബ്രെയ്ൻ അബാക്കസ് മത്സരോത്സവം. മികവിനോടുള്ള സ്നേഹം വളർത്തുന്നതിലും നൂതന ചിന്തകളെ പ്രോത്സാഹിപ്പിക്കുന്നതിലും ഇതുപോലുള്ള പരിപാടികൾ നിർണായക പങ്ക് വഹിക്കുന്നു. വിജയിച്ച ഓരോ വിദ്യാർത്ഥികളെയും, പങ്കാളികളെയും, അവരുടെ രക്ഷിതാക്കളെയും, ഫാക്കൽറ്റി അംഗങ്ങളെയും, ബ്രെയ്നോബ്രെയ്ൻ അബാക്കസ് ഫ്രാഞ്ചൈസികളെയും അവരുടെ നേട്ടങ്ങളിൽ താൻ പൂർണ്ണഹൃദയത്തോടെ അഭിനന്ദിക്കുന്നതായി മുഖ്യാതിഥിയായിരുന്ന ബ്രെയ്നോബ്രെയ്ൻ ഇന്റർനാഷണൽ മാനേജിംഗ് ഡയറക്ടർ ആനന്ദ് സുബ്രഹ്മണ്യം പറഞ്ഞു.

# ആധുനിക ശ്വസന ഉപകരണം 'എച്ച്.എഫ്.എൻ.സി ' വിപണിയിൽ ഇറക്കി ഹെക്ക മെഡിക്കൽസ്

**കൊച്ചി:** മെയ്ക്ക് ഇൻ ഇന്ത്യയുടെ ഭാഗമായി ഹെക്ക മെഡിക്കൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ നേതൃത്വത്തിൽ നിർമ്മിച്ച അത്യാധുനിക രീതിയിലുള്ള ശ്വസന ഉപകരണമായ ഹെക്ക ഫ് ളോ എന്ന ഹൈ ഫ് ളോ നേസൽ കാനുല (എച്ച്.എഫ്.എൻ.സി) ഓക്സിജൻ തെറാപ്പി ഡിവൈസ് വിപണിയിൽ അവതരിപ്പിച്ചു. മോനിപ്പള്ളിയിലെ ഹെക്ക മെഡിക്കൽസ് ഇന്ത്യ കമ്പനിയിൽ നടന്ന ചടങ്ങിൽ സംസ്ഥാന സഹകരണ,രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ ഉപകരണം വിപണിയിൽ ഇറക്കുന്നതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡിവൈസ് പ്രൊഡക്ഷൻ സെന്ററിന്റെ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവ്വഹിച്ചു. പ്രൊഡക്ഷൻ ഫെസിലിറ്റി സെന്ററിന്റെ ഉദ്ഘാടനം അഡ്വ.മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ഉഴവൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ.എം തങ്കച്ചൻ, കോട്ടയം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.എം മാത്യു, പഞ്ചായത്ത് മെമ്പർ ന്യൂജെന്റ് ജോസഫ്, മോനിപ്പള്ളി മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ് ഷിബു ജോസഫ്, ഹെക്ക മെഡിക്കൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ബിജു അഗസ്റ്റിൻ, മാനേജിംഗ് ഡയറക്ടർ ബിനു അഗസ്റ്റിൻ, വൈസ് പ്രസിഡന്റ് എം.സി അബ്രാഹം തുടങ്ങിയവർ സംസാരിച്ചു. കൊവിഡ് കാലത്ത് ഉൾപ്പെടെ ശ്വസന രോഗികൾ നേരിട്ട ബുദ്ധിമുട്ടിന് പരിഹമാരമെന്ന നിലയിലാണ് വിദഗ്ദ ഡോകർമാരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് സഹോദരങ്ങളായ ബിനു അഗസ്റ്റിൻ, ബിജു അഗസ്റ്റിൻ, ഡോ.ജോബി അഗസ്റ്റിൻ എന്നിവർ ചേർന്ന് എച്ച്.എഫ്.എൻ.സി എന്ന അത്യാധുനിക ഡിവൈസ് വികസിപ്പിച്ചത്. ഒരു വർഷത്തിലധികം വിജയകരമായി ക്ലിനിക്കൽ ട്രയൽ റൺ നടത്തിയ ഉപകരണം രോഗീ സൗഹൃദമാണെന്ന് കണ്ടെത്തുകയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ സി.ഡി.എസ്.സി.ഒ അടക്കമുള്ള അംഗീകാരവും നിരവധി പുരസ്കാരങ്ങളും ലഭിച്ചതോടെയാണ് വിപണയിൽ ഇറക്കുന്നതെന്നും ഹെക്ക മെഡിക്കൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ബിജു അഗസ്റ്റിൻ, മാനേജിംഗ് ഡയറക്ടർ ബിനു അഗസ്റ്റിൻ എന്നിവർ പറഞ്ഞു. ഒട്ടേറെ സവിശേഷതകൾ ഉള്ള ഈ ഉപകരണം ഇന്ത്യയിൽ തന്നെ ആദ്യമാണെന്നും ഇവർ കൂട്ടിച്ചേർത്തു.




ഹെക്ക മെഡിക്കൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ നേതൃത്വത്തിൽ നിർമ്മിച്ച അത്യാധുനിക രീതിയിലുള്ള ശ്വസന ഉപകരണമായ ഹെക്ക ഫ് ളോ എന്ന ഹൈ ഫ്ളോ നേ സൽ കാനുല (എച്ച്.എഫ്.എൻ.സി) ഓക്സിജൻ തെറാപ്പി ഡിവൈസ് വിപണിയിൽ അവതരിപ്പിക്കുന്നതിന്റെ ഉദ്ഘാടനം സംസ്ഥാന സഹകരണ,രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവ്വഹിക്കുന്നു. ബിജു അഗസ്റ്റിൻ, കെ.എം തങ്കച്ചൻ, ബിനു അഗസ്റ്റിൻ തുടങ്ങിയവർ സമീപം

# 'പഞ്ചവത്സര പദ്ധതി ' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കി

**കൊച്ചി:** 'പത്തൊമ്പതാം നൂറ്റാണ്ടി'നു ശേഷം സിജു വിത്സൻ നായകനാകുന്ന'പഞ്ചവത്സര പദ്ധതി 'എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. കിച്ചാപ്പൂസ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ കെ ജി അനിൽകുമാർ നിർമ്മിക്കുന്ന 'പഞ്ചവത്സര പദ്ധതി' പി.ജി.പ്രേംലാൽ സംവിധാനം ചെയ്യുന്നു. 'തൊണ്ടിമുതലും ദൃക്സാക്ഷിയും 'എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സജീവ് പാഴൂർ തിരക്കഥ സംഭാഷണമെഴുതുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ആൽബി നിർവ്വഹിക്കുന്നു.സംഗീതംഷാൻ റഹ്മാൻ, ഗാനരചനറഫീഖ് അഹമ്മദ്, എഡിറ്റിംഗ് കിരൺ ദാസ്.'എന്നാ താൻ കേസ് കൊട് ' എന്ന ചിത്രത്തിലെ മജിസ്ട്രേറ്റിന്റെ വേഷത്തിലൂടെ പ്രേക്ഷകപ്രീതി നേടിയ പിപി കുഞ്ഞികൃഷ്ണൻ ഒരു പ്രധാനവേഷം ചെയ്യുന്ന ഈ ചിത്രത്തിൽ പുതുമുഖം കൃഷ്ണേന്ദു എ.മേനോൻ നായികയാവുന്നു.നിഷ സാരംഗ് , ഹരീഷ് പേങ്ങൻ,സിബി തോമസ്, ജോളി ചിറയത്ത്, ലാലി മരക്കാർ തുടങ്ങിയവരും മറ്റു പ്രമുഖ താരങ്ങളും വേഷമിടുന്നു.എഡിറ്റർ കിരൺ ദാസ്, സംഗീതം ഷാൻ റഹ്മാൻ, ഗാനരചനറഫീഖ് അഹമ്മദ്, പ്രൊഡക്ഷൻ കൺട്രോളർബിനു പി കെ,കലത്യാഗു തവന്നൂർ,മേക്കപ്പ്രഞ്ജിത് മണലിപ്പറമ്പിൽ,വസ്ത്രാലങ്കാരംവീണ സ്യാമന്തക്,സ്റ്റിൽസ് ജെസ്റ്റിൻ ജെയിംസ്, പോസ്റ്റർ ഡിസൈൻ ആന്റണി സ്റ്റീഫൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർരജലീഷ്,ആക്ഷൻ മാഫിയ ശശി.പി ആർ ഒഎ എസ് ദിനേശ്.

